# KSFE SA – KSFE OU

## സംസ്ഥാനകോർഡിനേഷൻ കമ്മിറ്റി

### സർക്കുലർ നമ്പർ 1/2018

13-11-2018

സഖാക്കളെ,

കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ-ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി ഇന്ന് കൊല്ലത്തു ചേർന്നു. ആനുകാലിക സാമൂഹിക വിഷയങ്ങളിലും തൊഴിലാളിവർഗ്ഗത്തെ ബാധിക്കുന്ന വിവിധ വിഷയങ്ങളിലും ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ തീരുമാനിച്ചു. തൊഴിലാളികളെ പ്രത്യേകിച്ച് വനിത ജീവനക്കാരെ ഭിന്നിപ്പിക്കാനുള്ള ചില ദുഷ്ടശക്തികളുടെ പ്രവർത്തനങ്ങളെ ചെറുക്കുന്നതിനും തൊഴിലിടങ്ങളിലെ സ്ത്രീ ശാക്തീകരണം ഉറപ്പാക്കുന്നതിനും വേണ്ടി **2018 നവംബർ 24 ന് തിരുവനന്തപുരത്ത്** വിപുലമായ സംസ്ഥാനവനിത കൺവൻഷൻ നടത്താൻ തീരുമാനിച്ചു. കൺവൻഷൻ സംസ്ഥാന ഫിഷറീസ് പരമ്പരാഗത വകുപ്പ് മന്ത്രി **സ. ജെ.മേഴ്സികുട്ടിയമ്മ** ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. **ഡോ.സുനിൽ.പി.ഇളയിടം** പ്രഭാഷണം നടത്തുന്നതാണ്. എല്ലാ ജില്ലകളിൽ നിന്നുമായി കുറഞ്ഞത് 800 പേരെ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലാതല ക്വാട്ട അറിയിക്കുന്നതാണ്.

കേരളത്തെ തകർത്തെറിഞ്ഞ പ്രളയത്തിൽനിന്നും നമ്മുടെ സംസ്ഥാനത്തെ പുനഃസൃഷ്ടിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി ജീവനക്കാരോട് ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനനല്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിനെഅട്ടിമറിക്കാൻ പ്രതിപക്ഷ സംഘടനകൾ എല്ലാവിധ ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ അർഹമായ സഹായമോ, വിദേശ സഹായം സ്വീകരിക്കുന്നതിനോ, വിദേശ മലയാളികളോട് സംസ്ഥാന മന്ത്രിമാർ നേരിട്ട് അഭ്യർത്ഥിക്കുന്നതിനുള്ള അനുമതിയോ നിഷേധിച്ചുകൊണ്ട് പ്രളയത്തിൽ തകർന്ന കേരളത്തെ തികഞ്ഞ രാഷ്ട്രീയ പകയോടെ കാണുന്ന സമീപനമാണ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിൽ സജീവമായി പങ്കെടുക്കേണ്ട ബാധ്യത നമുക്കുണ്ട്. നമ്മുടെ മുഴുവൻ അംഗങ്ങളും ഒരു മാസത്തെ ശമ്പളം നല്കണമെന്ന് സംസ്ഥാനകോർഡിനേഷൻ കമ്മിറ്റി അഭ്യർത്ഥിക്കുന്നു.

നരേന്ദ്രമോദി സർക്കാരിന്റെ ജനവിരുദ്ധവും തൊഴിലാളി ദ്രോഹവുമായ നടപടിക്കെതിരെ **2019 ജനുവരി 8,9 തീയതികളിൽ നടക്കുന്ന ദ്വിദിനദേശീയ പണിമുടക്ക്** വിജയിപ്പിക്കുന്നതിനാവശ്യമായ സംയുക്തപ്രചരണ പ്രവർത്തനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

കോർഡിനേഷൻ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് എല്ലാ ജില്ലകളിലും നവംബർ 16 ന് ജില്ലാ കോർഡിനേഷൻ ചേരേണ്ടതാണ്. എല്ലാ യൂണിറ്റുകളിലും സംയുക്തയോഗം നവംബർ 30 ന് മുമ്പ് ചേരേണ്ടതാണ്.

അഭിവാദനങ്ങളോടെ,

**ജി.തോമസ് പണിക്കർ**
ജനറൽ സെക്രട്ടറി
KSFE OU

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSFE SA